(ബി) ഓരോ മന്ത്രിയുടേയും യാത്രക്കൂലിയിനത്തിൽ ചെലവായിട്ടുള്ള തുകയെത്ര;

(സി) സംസ്ഥാനമന്ത്രിമാരുടെ ആരുടെയെങ്കിലും ഡൽഹിയാത്രയ്ക്കുള്ള ചെലവ് കേന്ദ്രഗവൺമെന്റ് വഹിച്ചിട്ടുണ്ടോ;

(ഡി) ഇക്കഴിഞ്ഞ മേയ് 24-ാം തീയതി ഏതെങ്കിലും മന്ത്രിമാർ ഡൽഹിയിൽ നിന്നും പ്രത്യേക വിമാനമാർഗ്ഗം കേരളത്തിലേക്ക് വരികയുണ്ടായോ; എങ്കിൽ ഏതെല്ലാം മന്ത്രിമാർ;

(ഇ) ആ ഇനത്തിലുള്ള വിമാനക്കൂലി എത്ര രൂപയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1986 മേയ് 23-ാംതീയതി മുഖ്യമന്ത്രി ഡൽഹിയിൽ നിന്ന് പ്രത്യേക വിമാന മാർഗ്ഗം കേരളത്തിലേക്ക് വരികയുണ്ടായി.

(ഇ) ഈ ഇനത്തിൽ സംസ്ഥാനഗവൺമെന്റിനു യാതൊരു ചെലവും വന്നിട്ടില്ല.

## മന്ത്രിമാരുടെ വിദേശപര്യടനം

7 [8] ശ്രീ. സി.കെ. തങ്കപ്പൻ:

,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്; ആരെല്ലാം;

(ബി) വിദേശപര്യടനം നടത്തിയ മന്ത്രിമാർക്കുവേണ്ടി സർക്കാർ ചെലവഴിച്ച സംഖ്യ എത്ര; ഓരോ മന്ത്രിക്കു എത്രവീതം?

(എ) 13 മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്. വിദേശയാത്ര നടത്തിയ മന്ത്രിമാരുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

## കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം ടെലഫോൺ ചാർജ്ജിനത്തിൽ മന്ത്രിമാർക്ക് ചെലവായ തുക

8 [9] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം ടെലഫോൺ ചാർജ്ജിനത്തിൽ ഓരോ മന്ത്രിക്കും ചെലവായ സംഖ്യ എത്രവീതം?

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (8) കാണുക]

വിദേശ യാത്ര നടത്തിയ മന്ത്രിമാർ

1. പരേതനായ ശ്രീ. സി.എച്ച്. മുഹമ്മദ്കോയ, മുൻ ഉപമുഖ്യ മന്ത്രി.
2. ശ്രീ. ടി.എം. ജേക്കബ്ബ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി.
3. ശ്രീ. ഇ. അഹമ്മദ്, വ്യവസായവകുപ്പുമന്ത്രി.
4. ശ്രീ. പി.ജെ. ജോസഫ്, റവന്യൂവകുപ്പുമന്ത്രി.
5. ശ്രീ. എം.പി. ഗംഗാധരൻ, മുൻ ജലസേചനവകുപ്പുമന്ത്രി.
6. ശ്രീ. യു.എ. ബീരാൻ, ക്ഷീരവകുപ്പുമന്ത്രി.
7. ശ്രീമതി എം. കമലം, സഹകരണവകുപ്പുമന്ത്രി.
8. ശ്രീ. എൻ. ശ്രീനിവാസൻ, മുൻ എക്സൈസ്വകുപ്പുമന്ത്രി.
9. ശ്രീ. കെ.പി. രാമചന്ദ്രൻനായർ, മുൻ ആരോഗ്യവകുപ്പു മന്ത്രി.
10. ശ്രീ. ആർ. ബാലകൃഷ്ണപിള്ള, വിദ്യുച്ഛക്തി വകുപ്പു മന്ത്രി.
11. ശ്രീ. വയലാർ [illegible], ആഭ്യന്തരവകുപ്പുമന്ത്രി.
12. ശ്രീ. കെ. ശിവദാസൻ, തൊഴിൽ വകുപ്പുമന്ത്രി.
13. ശ്രീ. കെ.എം. മാണി, ജലസേചന നിയമവകുപ്പുമന്ത്രി

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (9) കാണുക.]

| | മന്ത്രി | ചെലവായ തുക |
|---|---|---|
| 1. | ശ്രീ. കെ. കരുണാകരൻ, മുഖ്യമന്ത്രി | 56,980.00 |
| 2. | ശ്രീ. അവുക്കാദർകുട്ടി നഹ, ഉപമുഖ്യമന്ത്രി | 30,438.50 |
| 3. | ശ്രീ. ഇ. അഹമ്മദ്, വ്യവസായവകുപ്പു മന്ത്രി | 33,706.00 |
| 4. | ശ്രീ. സുന്ദരൻ നാടാർ, ഗതാഗതവകുപ്പു മന്ത്രി | 17,878.00 |
| 5. | ശ്രീ. എൽ. ജേക്കബ്, കൃഷിവകുപ്പ് മന്ത്രി | 14,146.00 |
| 6. | ശ്രീ. റ്റി.എം. ജേക്കബ്, വിദ്യാഭ്യാസ വകുപ്പു മന്ത്രി | 11,943.00 |
| 7. | ശ്രീ. പി.ജെ. ജോസഫ്, റവന്യു വകുപ്പു മന്ത്രി | |
| 8. | ശ്രീമതി എം. കമലം, സഹകരണ വകുപ്പു മന്ത്രി | |
| 9. | കെ.എം. മാണി, ധനകാര്യ വകുപ്പു മന്ത്രി | |

LIBRARY ARCHIVES Kerala Legislative Assembly